# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 277 02/03/2020-ൽ മറുപടിയ്ക്ക്**

## ക്രഷ്സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാവേലിക്കര നിയോജക-മണ്ഡലത്തിൽ സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡിന്റെ ധനസഹായത്തോടെ എത്ര ക്രഷ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ധനസഹായത്തോടെ നിലവിൽ ക്രഷുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ, നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 571 ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 01/01/2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്രഷ് സെന്ററുകളെ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ക്രഷ് സെന്ററുകളിലൂടെ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (സി) | ക്രഷ് സെന്ററുകളിലൂടെ 6 മാസം മുതൽ 6 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രിഷ്യൻ, ഉറങ്ങുന്നതിനുള്ള സൗകര്യം, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, മെഡിസിൻ & ഫസ്റ്റ് എയ്ഡ്, കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള കളിക്കോപ്പുകൾ, പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് എന്നീ സൗകര്യങ്ങൾ നൽകുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. ക്രഷുകൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ -60%, സംസ്ഥാന സർക്കാർ - 30%, എൻ.ജി.ഒ 10% എന്ന അനുപാതത്തിലാണ് ഗ്രാന്റ് നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**